# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. 60/2026 തിരുവനന്തപുരം, തീയതി: 19/03/2026

## പത്രക്കുറിപ്പ്

### കേരളസർവകലാശാലയിലെ പഠനവകുപ്പുകളിൽ നാലുവർഷ ബിരുദ പ്രവേശന പരീക്ഷയ്ക്ക് ഏപ്രിൽ 30 വരെ അപേക്ഷിക്കാം

2026 - 27 അക്കാദമിക വർഷത്തിൽ 16 മേജർ വിഷയങ്ങളിൽ നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകളാണുള്ളത്.

മേജർ വിഷയങ്ങളായി മലയാളവും കേരളപഠനവും, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ഹിസ്റ്ററി, എക്കണോമിക്സ്, പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ജിയോളജി, കമ്പ്യൂട്ടർ സയൻസ്, സൈക്കോളജി, മാത്തമാറ്റിക്സ്, ബി.ബി.എ, ബികോം എന്നിവയാണ് ഉള്ളത്.

ഇതോടൊപ്പം ലോകത്താകമാനം സ്വീകാര്യതയുള്ള നൂതനമായ വിഷയങ്ങളുൾപ്പെടെ വിദ്യാർത്ഥികൾക്ക് മൈനർ വിഷയങ്ങളായും പഠിക്കാം. ഡാറ്റാസയൻസ്, ഡാറ്റാ അനലിറ്റിക്സ്, Applied Linguistics, സൈബർ സെക്യൂരിറ്റി, സപ്ലൈ ചെയിൻ, നാനോ സയൻസ്, ബയോടെക്നോളജി, ബയോകെമിസ്ട്രി, ക്ലൈമറ്റ് ചേഞ്ച്, ഫങ്ഷണൽ മെറ്റീരിയൽസ്, മെഷീൻലേർണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി അൻപതിലധികം വിഷയങ്ങൾ മൈനർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു നിശ്ചിത ക്രെഡിറ്റ് മൈനർ വിഷയത്തിൽ വിദ്യാർത്ഥി കരസ്ഥമാക്കിയാൽ ആ വിഷയത്തിന്റെ തന്നെ ബിരുദാനന്തര ബിരുദവും ഗവേഷണവും തുടരുന്നതിനുള്ള അവസരമുണ്ടെന്നതും പ്രത്യേകതയാണ്. മൂന്ന് വർഷത്തിൽ ഒരു നിശ്ചിത ക്രെഡിറ്റ് കരസ്ഥമാക്കി പഠനം അവസാനിപ്പിക്കുന്ന വർക്ക് ആവശ്യമെങ്കിൽ BA/BSc/BBA/BCom ഡിഗ്രി നേടി പുറത്തു പോകാനും അവസരമുണ്ട്.

ബിരുദ പഠനത്തിന്റെ മൂന്നാം വർഷത്തിൽ എഴുപത്തഞ്ചു ശതമാനം (CGPA-7.5) കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് നാലാം വർഷം തുടർന്നു പഠിക്കാം. നാലു വർഷ ഡിഗ്രി വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് “ഓണേഴ്സ് വിത്ത് റിസർച്ച്” ബിരുദമാണ് ലഭിക്കുന്നത്. സർവകലാശാലയുടെ പഠന-ഗവേഷണ വകുപ്പുകളിൽ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി എന്നിവക്ക് ഇത് ആദ്യ കാൽവയ്പ്പ് ആകും.

തൊഴിൽ തല്പരരേയും ഗവേഷണ അഭിരുചിയുള്ളവരേയും കണ്ടെത്തി അവർക്ക് കൃത്യമായ ദിശാബോധം നൽകുന്നതിന് പഠന-ഗവേഷണ വകുപ്പുകൾ രൂപകല്പനചെയ്ത ഈ പ്രോഗ്രാമ്മുകൾക്കു കഴിയുമെന്നുറപ്പാണ്.

ഓൺലൈൻ ആയിട്ടാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

പ്രവേശന പരീക്ഷയുടെ ഘടന:

16 മേജർ വിഷയങ്ങളിൽ രണ്ട് മണിക്കൂർ വീതമുള്ള ഒബ്ജെക്റ്റീവ് ടൈപ്പ് പരീക്ഷയാകും നടത്തുക. ഹയർസെക്കണ്ടറി തലത്തിലുള്ള അതാതു വിഷയങ്ങളുടെ സിലബസ് ആധാരമാക്കിയാകും ചോദ്യങ്ങൾ. ഒരു ശരിയുത്തരത്തിന് ഒരു മാർക്ക് ലഭിക്കും. ഒരു തെറ്റ് ഉത്തരത്തിന് 0.25 മാർക്ക് കുറയും. ഒരു വിദ്യാർത്ഥിക്ക് എട്ട് വിഷയങ്ങൾ വരെ തിരഞ്ഞെടുക്കാം. ഈ വിഷയങ്ങളിൽ ഏതിൽ വേണമെങ്കിലും മേജർ എടുക്കാം. കേരളത്തിൽ എട്ട് പരീക്ഷ സെന്ററുകൾ ഉണ്ട്.

യോഗ്യത: ഹയർ സെക്കണ്ടറി/തത്തുല്യം. പരീക്ഷ എഴുതി റിസൾട്ട് കാത്തിരിക്കുന്ന വർക്കും അപേക്ഷിക്കാം. അപേക്ഷകൾ ഓൺലൈൻ ആയി https://admissions.keralauniversity.ac.in/ ൽ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക. E-mail: cssfyugphelp2026@gmail.com, Phone: 0471 2308328, Mobile: 9188524612.

## കേരളസർവകലാശാല - പി.ജി & എം.ടെക് (സി.എസ്.എസ്) പ്രവേശനം 2026-2027

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലെ എംഎ, എംഎസ്‌സി, എംകോം, എംസിജെ, എംഎസ്ഡബ്ല്യൂ, എംലിബ്.ഐ.എസ്.സി., എംഎഡ്, എൽഎൽഎം, എംടെക് എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കാം.

കുറഞ്ഞത് 50 ശതമാനം മാർക്കോടെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത അവസാന വർഷ ബിരുദ പരീക്ഷ എഴുതുന്നവർക്കും അപേക്ഷിക്കാം. പ്രവേശന പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിലാണ് അഡ്മിഷൻ. അപേക്ഷകൾ https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കണം. അപേക്ഷാഫീസ് : ജനറൽ - ₹1500, എസ്.സി/എസ്.ടി - ₹750. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി : 2026 ഏപ്രിൽ 30. വിശദവിവരങ്ങൾക്ക് : ഫോൺ : 0471-2308328, മൊബൈൽ : 9188524612, ഇ-മെയിൽ : csspghelp2026@gmail.com.

## പരീക്ഷ

കേരളസർവകലാശാല 2026 ഏപ്രിൽ 6 മുതൽ ആരംഭിക്കാനിരുന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ/ബിഎസ്‌സി/ബികോം/ബിപിഎ/ബിബിഎ/ബിസിഎ/ബിഎംഎസ്/ബിഎസ്ഡബ്ല്യൂ/ബിവോക്, ഏപ്രിൽ 2026 പരീക്ഷകൾ 2026 ഏപ്രിൽ 17 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംപിഇഎസ് (2020 സ്കീം – റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 സെപ്റ്റംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽഎൽഎം (2021 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസ്സു കളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷകൾ 2026 ഏപ്രിൽ 6 ന് മുൻപ് സർവകലാശാല ഓഫീസിൽ ഓഫ്‌ലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റീസ്ട്രക്ചേർഡ്) (മേഴ്സിചാൻസ് – 2000 അഡ്മിഷന് മുൻപ്, 2000 – 2009 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 മാർച്ച് 27 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബിഎസ്സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (റീസ്ട്രക്ചേർഡ്) (മേഴ്സിചാൻസ് – 2000 അഡ്മിഷന് മുൻപ് & 2000 – 2009 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 മാർച്ച് 28 വരെ ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2025 ഡിസംബറിൽ വിജ്ഞാപനം ചെയ്ത മൂന്നാം സെമസ്റ്റർ എംഎസ്സി ബയോടെക്നോളജി (2020 സ്കീം) കോഴ്സിന്റെ പ്രാക്ടിക്കൽ 2026 മാർച്ച് 25, 26 തീയതികളിൽ അതാത് പരീക്ഷാകേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിഎസ്സി ഇലക്ട്രോണിക്സ് (340) (സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ 2026 മാർച്ച് 23, 24 തീയതികളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പെഷ്യൽ പരീക്ഷ ടൈംടേബിൾ

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിപിഎഡ്, ഒന്നാം സെമസ്റ്റർ എംപിഇഎസ് പരീക്ഷകളുടെ സ്പെഷ്യൽ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2026 ഏപ്രിൽ 17 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

E-mail: For queries helpdesk@keralauniversity.ac.in/
website: www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240